## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - കാസറഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.അരവിന്ദന്റെ ഭാര്യയുടെ IVF ചികിത്സയ്ക്ക് മലപ്പുറം സെന്റർ ഫോർ ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് ആന്റ് അസിസ്റ്റഡ് മാനേജ്മെന്റ്(എടപ്പാൾ) ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. **2811/2016/**തസ്വഭവ . തീയതി, തിരുവനന്തപുരം, **05.10.2016**

---

പരാമർശം : 1) 11/07/12 ലെ 26423/G2/12/H&FWD നമ്പർ സർക്കുലർ.

2) ശ്രീ.അരവിന്ദന്റെ 25.07.2011 ലെ അപേക്ഷയും ബില്ലുകളും.

3) പഞ്ചായത്ത് ഡയറക്ടറുടെ 17/10/2015 തീയതിയിലെ എഫ്2-26881/11 നമ്പർ കത്ത്.

4) പീലിക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/07/2011 ലെ 96(6) നമ്പർ തീരുമാനം.

5) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 25.09.2015 ലെ MH5-55246/15/DHS നം. കത്ത്.

## ഉത്തരവ്

കാസറഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമ പഞ്ചായത്തിലെ എൽ.ഡി.ക്ലാർക്ക് ശ്രീ.അരവിന്ദന്റെ ഭാര്യയുടെ IVF ചികിത്സയ്ക്ക് മലപ്പുറം സെന്റർ ഫോർ ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് ആന്റ് അസിസ്റ്റഡ് മാനേജ്മെന്റ്(എടപ്പാൾ) ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം 5 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 77,375/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 61900 /- രൂപ (അറുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.തുക പീലിക്കോട് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(മറുപുറം...)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി കാസറഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമ പഞ്ചായത്തിലെ എൽ.ഡി.ക്ലാർക്ക് ശ്രീ.അരവിന്ദന്റെ ഭാര്യയുടെ IVF ചികിത്സയ്ക്കക്ക് മലപ്പുറം സെന്റർ ഫോർ ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് ആന്റ് അസിസ്റ്റഡ് മാനേജ്മെന്റ്(എടപ്പാൾ) ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 77,375/- രൂപയുടെ 80% ആയ 61900 /- രൂപ (അറുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപാ മാത്രം) പ്രത്യേക കേസ്സായി പരിഗണിച്ച് പീലിക്കോട് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീലേഖ. ഇ.എൻ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ശ്രീ.അരവിന്ദൻ, എൽ.ഡി.ക്ലാർക്ക്, പീലിക്കോട് ഗ്രാമ പഞ്ചായത്ത്, കാസറഗോഡ് (പീലിക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ആരോഗ്യകുടുംബക്ഷേമ വകുപ്പ് 30/09/2013 ലെ(യു.ഒ.നം.30290/G2/13/H&FWD പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്..(No.41366/EPA3/12/LSGD)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**